# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ ബിരുദ പ്രവേശനം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം. 4095/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 21.05.2018

---

പരാമർശം :
1. എളങ്കുന്നപ്പുഴ, ചിറപറമ്പിൽ ശ്രീ.മഹേഷ് സി.വി.യുടെ 27.10.2017 തീയതിയിലെ അപേക്ഷ.
2. അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ 03.11.2017-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. 30.04.2018 തീയതിയിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് (ഇനം നം.ഒ.എ.18) പ്രകാരമുള്ള ശുപാർശ.

### <u>ഉത്തരവ്</u>

വൈപ്പിൻ, ഗവണ്മെന്റ് കോളേജിൽ, സ്പോർട്ട്സ് ക്വാട്ടയിൽ 2017-18 വർഷത്തെ ബിരുദ പ്രോഗ്രാമിന് അപേക്ഷിച്ച 28 വയസ്സുള്ള ശ്രീ.മഹേഷ് സി.വി.യുടെ അപേക്ഷ പ്രായ പരിധി (25 വയസ്സ്) കഴിഞ്ഞതുകൊണ്ട് കോളേജ് പ്രിൻസിപ്പൽ നിരസിച്ചതായും ടിയാന് പ്രവേശനം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.മഹേഷ് സി.വി. പരാമർശം (1) പ്രകാരം, സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വകലാശാല തലത്തിലുള്ള സ്പോർട്ട്സ് ഇനങ്ങളിൽ പങ്കെടുക്കുന്നതിന് അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഉയർന്ന പ്രായ പരിധി 25 ആണ്. കൂടാതെ പ്ലസ് ടൂ വിജയിച്ച് ബിരുദ പ്രോഗ്രാമിൽ ചേരുന്നവർക്ക് യോഗ്യതാ പരീക്ഷ ജയിച്ചതു മുതൽ അഞ്ചു വർഷത്തേയ്ക്കും ബിരുദ പരീക്ഷ ജയിച്ച് ബിരുദാനന്തര ബിരുദത്തിന് ചേരുന്നവർക്ക് ബിരുദം നേടിയതു മുതൽ മൂന്ന് വർഷത്തേയ്ക്കും മാത്രമേ അന്തർ സർവ്വകലാശാല കായിക മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ, സർവ്വകലാശാല ടി വിഷയം പരിഗണിക്കുകയും, അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റി പരാമർശം (2) പ്രകാരം, സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിനുള്ള ഉയർന്ന

പ്രായ പരിധി 25 വയസ്സായി നിജപ്പെടുത്തുന്നത് സംബന്ധിച്ച് ടി വിഷയം അക്കാദമിക കൗൺസിലിനു മുമ്പാകെ സമർപ്പിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും, പരാമർശം (3) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ സ്പോർട്ട്സ് ക്വാട്ട യിൽ പ്രവേശനം നേടുന്നതിനുള്ള ഉയർന്ന പ്രായ പരിധി 25 വയസ്സായി നിജപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുകയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ, ടി ശുപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം, ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക വിഭാഗം 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
2. ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ്
3. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ (ഭരണ വിഭാഗം /പരീക്ഷ)
6. ഡി.ആർ/എ.ആർ. (ഭരണ വിഭാഗം/അക്കാദമിക വിഭാഗം/പരീക്ഷ)
7. പി.ആർ.ഒ./അന്വേഷണ വിഭാഗം
8. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.1
9. എസി.ബി 6/എസി.ബി 7 സെക്ഷനുകൾ
10. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/2/5445/2018

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

16